# കേരള കാർഷിക സർവകലാശാല

എഞ്ചിനീയറിംഗ് ഡിവിഷൻ , തവനൂർ
എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം
**Ph: 0494-2968258**

നം.ഇഇ/436/2025 തീയതി: 09/01/2026

## ലേല പരസ്യം

കേരള കാർഷിക സർവകലാശാല, കോളേജ് ഓഫ് അഗ്രികൾച്ചർ എഞ്ചിനീയറിംഗ് ആൻഡ് ഫുഡ് ടെക്നോളജി, തവനൂർ കാമ്പസിലെ ടൈപ്പ് ഡി ക്വാർട്ടേഴ്സുകൾ 6 എണ്ണം പൊളിച്ച നീക്കം ചെയ്യുന്ന പ്രവൃത്തി ഇതേ ക്യാമ്പസിലെ എഞ്ചിനീയറിംഗ് ഡിവിഷൻ ഓഫീസ് പരിസരത്തു വെച്ച് 20/01/2026 നു രാവിലെ 11 മണിക്ക് ലേലം ചെയ്യുന്നതാണ്. ഏറ്റവും കൂടുതൽ തുകയുടെ ലേലം പിടിക്കുന്ന വ്യക്തി, മേൽപ്പറഞ്ഞ കെട്ടിടങ്ങൾ പൂർണ്ണമായും പൊളിച്ചുമാറ്റുകയും പൊളിച്ച അവശിഷ്ടങ്ങൾ മുഴുവനായും പ്രസ്തുത സ്ഥലത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്, ഈ കെട്ടിടങ്ങളിൽ നിന്നും ലഭിക്കുന്ന ഉപയോഗയോഗ്യമായ പഴയ ഓട്, മരത്തിന്റെ ഉരുപ്പടികൾ, ജനൽ, വാതിൽ, ചെങ്കല്ല്, കരിങ്കല്ല് എന്നിവ ലേലം ലഭിക്കുന്ന വ്യക്തിക്ക് കൊണ്ടുപോകാവുന്നതുമാണ്.

ലേലത്തിൽ പങ്കെടുക്കാൻ താല്പര്യം ഉള്ള വ്യക്തികൾ, 4500/- രൂപ നിരതദ്രവ്യമായി കെട്ടിവെക്കേണ്ടതാണ്. (ലേല നടപടികൾ പൂർത്തിയായിക്കഴിഞ്ഞാൽ ഈ തുക തിരികെ നൽകുന്നതാണ്). ലേലം അധികാരികൾ അംഗീകരിച്ചാൽ, കൂടുതൽ തുകക്ക് ലേലം പിടിക്കുന്ന വ്യക്തി ലേല തുകയും ആയതിന്റെ 18% ജി എസ് ടി യും ഈ ഓഫീസിൽ അടയ്ക്കേണ്ടതും, പ്രവൃത്തി എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതും ആണ്. സർവേ റിപ്പോർട്ട് പ്രകാരം ഈ ലേലത്തിന്റെ അടിസ്ഥാന വില 90,055/- രൂപ (GST പുറമെ) ആണ് നിശ്ചയിച്ചിട്ടുള്ളത്. കേരള കാർഷിക സർവകലാശാലയുടേയും കേരള സർക്കാരിന്റേയും, ലേലവുമായി ബന്ധപ്പെട്ട നിയമങ്ങൾ ഈ ലേലത്തിനും ബാധകമായിരിക്കും. വിശദ വിവരങ്ങൾക്ക് എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

09/01/2026

ഡോ. ധലിൻ ഡി

എക്സിക്യൂട്ടീവ് എഞ്ചിനീയർ (i/c)
എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ

പകർപ്പ് : 1. KCAEFT, തവനൂർ, നോട്ടീസ് ബോർഡ് /കാന്റീൻ/ഗേറ്റ്

2. ഇൻസ്ട്രക്ഷനൽ ഫാം, തവനൂർ

3. കെ വി കെ, മലപ്പുറം

4. നോട്ടീസ് ബോർഡ് - വില്ലേജ് ഓഫീസ്, തവനൂർ

5. എഞ്ചിനീയറിംഗ് ഡിവിഷൻ, തവനൂർ/ നോട്ടീസ് ബോർഡ്